(സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉന്നത വിദ്യാഭ്യാസ മേഖല കാലികവും ചലനാത്മകവുമാക്കാൻ പുതുമയുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് അക്രെഡിറ്റേഷൻ & അസ്സസ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഫാക്കൽറ്റി ട്രെയിനിംഗ് അക്കാഡമി ആരംഭിക്കുന്നതിനും ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. വിവിധ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകി. വിദ്യാർത്ഥികൾക്ക് കൂടുതൽ അക്കാദമിക സ്വാതന്ത്ര്യം നൽകുന്നതിനായും അന്തർ-വൈജ്ഞാനിക പഠനം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ മാതൃകയിലുള്ള പാഠ്യരീതി നടപ്പിലാക്കിയിട്ടുണ്ട്.

കോളേജുകളിൽ സംരംഭകത്വ വികസന ക്ലാസുകൾ

17 (1034) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിൽ സംരംഭകത്വ വികസന ക്ലാസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്നും വിശദീകരിക്കാമോ ;

(സി) പ്രസ്തുത ക്ലാസുകളുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-സി) കോളേജുകളിൽ സംരംഭകത്വ വികസന ക്ലബുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് വർഷംതോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്ക് സംരംഭകത്വ ആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിനുള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾ തൊഴിൽ അന്വേഷകർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും. സംരംഭകത്വ ക്ലബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15-1-2014-ന് ടെക്നോപാർക്കിൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. സാധാരണ ക്ലബുകളിൽനിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾതന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. 2013 സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കുകയും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2013 ജനുവരി മുതൽ 1804 അപേക്ഷകൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ 136 സംരംഭങ്ങൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യൂബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 1 കോടി രൂപ വീതം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് പ്രൊഫസർമാരുടെ റെഗുലറൈസേഷൻ

18 (1035) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ റെഗുലറൈസേഷൻ സംബന്ധിച്ച ചട്ടങ്ങൾ ലഭ്യമാക്കാമോ ;

(ബി) റെഗുലറൈസേഷന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാരധികാരമേറ്റശേഷം വിവിധ വിഷയങ്ങളിലായി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ എത്ര നിയമനം നടത്തിയിട്ടുണ്ട് ; വിശദമായ ലിസ്റ്റും തീയതിയും ഉൾപ്പെടെ ലഭ്യമാക്കുമോ ;